# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *568** 04.07.2019-ൽ മറുപടിയ്ക്ക്

## വെട്ടിപ്പൊളിച്ച റോഡുകൾ ടാർ ചെയ്യുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ജല അതോറിറ്റി റോഡുകൾ വെട്ടിപ്പൊളിച്ചശേഷം അത് യഥാസമയം ടാർ ചെയ്യാത്തതിനാൽ മഴക്കാലത്ത് പ്രസ്തുത റോഡുകളിലൂടെയുള്ള യാത്ര ദുഷ്കരമായിത്തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാധാരണ ഗതിയിൽ മഴക്കാലത്തിന് മുമ്പ് നൽകിയ അനുമതി പ്രകാരം മഴക്കാലത്തെ റോഡ് വെട്ടിപ്പൊളിക്കുന്നതിന് അനുവദിക്കാറില്ല. എന്നാൽ ഒഴിവാക്കാൻ പറ്റാത്ത അടിയന്തിര സാഹചര്യങ്ങളിൽ അനുമതി നൽകേണ്ടതായി വരാറുണ്ട്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്നതിനാലാണ് റെസ്റ്റോറേഷൻ പ്രവൃത്തികൾ മഴക്കാലത്തിന് മുമ്പായി പൂർത്തിയാക്കാൻ താമസം നേരിടുന്നത്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ഇടീൽ പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് കാലതാമസം ഉണ്ടാകാതെ തന്നെ റീസ്റ്റോറേഷൻ പ്രവൃത്തി ടെണ്ടർ ചെയ്ത് നടപ്പാക്കാറുണ്ട്. കുറേ വൈദ്യുതി വകുപ്പ ജീവനക്കാരുടെ മനോഭാവവും സഹായകരമല്ല. |
| (ബി) പൊതുമരാമത്ത് വകുപ്പും ജല അതോറിറ്റിയും തമ്മിലുള്ള തർക്കം ഒത്തുതീർപ്പാക്കാത്തതിനാലാണ് | (ബി) | ചില റോഡുകളിൽ റീസ്റ്റോറേഷൻ ചാർജ്ജ് ഒടുക്കാതെ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ അനുമതി ഇല്ലാതെ വാട്ടർ |

| | |
|---|---|
| റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുവാൻ നടപടി സ്വീകരിക്കാത്തതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | അതോറിറ്റി റോഡ് വെട്ടിപ്പൊളിക്കുന്നത് മൂലം തർക്കം ഉണ്ടാവാറുണ്ട്. ഇത് റോഡ് പൂർവ്വ സ്ഥിതിയിലാക്കുവാൻ നടപടി സ്വീകരിക്കുന്നതിന് തടസ്സമാകാറുണ്ട്. ദേശീയപാതയിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി മാത്രമേ റോഡ് കട്ടിംഗിന് അനുമതി നൽകാറുള്ളൂ. |
| (സി1) പ്രസ്തുത തർക്കം നിമിത്തം അമ്പലപ്പുഴ-തിരുവല്ല റോഡ് ഉൾപ്പെടെ സംസ്ഥാനത്തെ പല റോഡുകളും സഞ്ചാരയോഗ്യമല്ലാതായത് പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടി കൈക്കൊള്ളുമോ എന്നറിയിക്കാമോ? | (സി) അമ്പലപ്പുഴ തിരുവല്ല റോഡിൽ 9 ഇടങ്ങളിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 30 ൽ കൂടുതൽ സ്ഥലങ്ങളിൽ വെട്ടിപ്പൊളിയ്ക്കുകയും അതിന് ശേഷം വെറ്റ് മിക്സ് മെക്കാഡം ഉപയോഗിച്ച് നിരപ്പാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായി സഞ്ചാരയോഗ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് 69,79,400/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വാട്ടർ അതോറിറ്റിയ്ക്ക് കൊടുത്തിട്ടുണ്ട്.<br><br>വാട്ടർ അതോറിറ്റിയിലെ ചില ഉദ്യോഗസ്ഥരുടെ ചട്ട വിരുദ്ധമായ നടപടി മൂലം സംസ്ഥാനത്തെ റോഡുകൾ സഞ്ചാര യോഗ്യമല്ലാതാവുന്നത് ശ്രദ്ധയിൽപ്പെടുന്ന ഉടനേ തന്നെ അടിയന്തിര നടപടി കൈകൊണ്ട് അത് പരിഹരിക്കാറുണ്ട്. ബഹു. ജലവിഭവ മന്ത്രിയുടെ സമീപകാല ഇടപ്പെടൽ കാരണം പ്രശ്നങ്ങൾ വളരെ കുറഞ്ഞു വരുന്നതായി കാണുന്നു. |

സെക്ഷൻ ഓഫീസർ